**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4550** **10-08-2021 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെൻഡർ വിഭാഗം നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ഡോ. മാത്യു കുഴൽനാടൻ** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | (എ) ഇന്ത്യയിൽ മറ്റേതു വ്യക്തികളേയും പോലെ ട്രാൻസ്ജെൻഡർ മനുഷ്യരും രാജ്യത്തെ പൗരന്മാരാണെന്നും സമൂഹത്തിൽ സ്ത്രീക്കും പുരുഷനും ലഭിയ്ക്കുന്ന തുല്യ അവകാശങ്ങൾ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ലഭിക്കണം എന്നും 2014 ഏപ്രിൽ 15 ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയിൽ പരാമർശിച്ചിരുന്നു. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിലാണ് 2015 ൽ കേരളം ട്രാൻസ്ജെൻഡർ നയം നടപ്പാക്കിക്കൊണ്ട് രാജ്യത്തിനു തന്നെ മാതൃകാപരമായ മുന്നേറ്റം നടത്തിയിട്ടുള്ളത്. ട്രാൻസ്ജെൻഡർ വിഭാഗത്തിന് ഭരണഘടനാപരമായ അവകാശങ്ങൾ നേടിക്കൊടുക്കുന്നതോടൊപ്പം ജീവിക്കാനുള്ള അവകാശം, സമത്വത്തിനുള്ള അവകാശം, അഭിപ്രായം പ്രകടിപ്പിക്കാനുള്ള അവകാശം എന്നിങ്ങനെ ഒരു പൗരന്റെ മൗലികമായ എല്ലാത്തരം അവകാശങ്ങളും ട്രാൻസ്ജെൻഡർ സമൂഹത്തിലേയ്ക്കും എത്തിക്കാൻ പ്രസ്തുത നയം വിഭാവനം ചെയ്യുന്നു. ഇതിനു വേണ്ടിയുള്ള നിരവധി പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഇന്ത്യയിലെ ട്രാൻസ്ജെൻഡർ മനുഷ്യരുടെ സംരക്ഷണത്തിനും, ഉന്നമനത്തിനുമായി രാജ്യത്ത് Transgender Person (Protection of Rights) Act 2019ൽ നിലവിൽ വന്നിട്ടുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ, സാമൂഹിക മേഖലകളിലുള്ള ഉന്നമനത്തിനായി നിരവധി ക്ഷേമ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് ലിംഗമാറ്റ ശസ്ത്രക്രിയക്ക് സർക്കാർ തലത്തിൽ ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നൽകുന്ന തുകയും വ്യക്തമാക്കാമോ; ലിംഗമാറ്റ ശസ്ത്രക്രിയക്കായി ട്രാൻസ് ക്ലിനിക്കുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ; | (ബി) | (ബി) ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് സർക്കാർ തലത്തിൽ ധനസഹായം 2018 മുതൽ നൽകി വരുന്നുണ്ട്. ധനസഹായം ലഭ്യമാകുന്നതിനായി അപേക്ഷകന് വകുപ്പ് നൽകിവരുന്ന ഐ ഡി കാർഡിന്റെ പകർപ്പ്, മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖയുടെ പകർപ്പ്, ലിംഗമാറ്റ ശസ്ത്രക്രിയയുടെ ചികിത്സ റിപ്പോർട്ട്, ഡോക്ടറുടെ സാക്ഷ്യപത്രം, ചെലവായ ബില്ലുകളുടെ പകർപ്പ്, അപേക്ഷകന്റെ ഡിക്ലറേഷൻ എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫോറത്തിനൊപ്പം ലിംഗമാറ്റ ശസ്ത്രക്രിയ ധനസഹായത്തിനായി അപേക്ഷ സമർപ്പിയ്ക്കാവുന്നതാണ്. അപേക്ഷകന് 18 വയസ്സ് പൂർത്തിയായിരിക്കണം എന്ന് നിർബന്ധമുണ്ട്. 2018, 2019 വർഷങ്ങളിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായി പരമാവധി 2 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. എന്നാൽ സങ്കീർണ്ണമായ നിരവധി ശസ്ത്രക്രിയകൾ നടത്തുന്നതിനായി ടി തുക അപര്യാപ്തമായതിനാൽ 2020 മുതൽ ട്രാൻസ് മെൻ വിഭാഗത്തിന് പരമാവധി 5 ലക്ഷം രൂപയും, ട്രാൻസ് വുമൺ വിഭാഗത്തിനായി പരമാവധി 2.50 ലക്ഷം രൂപയുമാണ് അനുവദിച്ചു നൽകുന്നത്. കൂടാതെ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം പോഷകാഹാരത്തിനും, തുടർചികിത്സയ്ക്കുമായി പ്രതിമാസം 3000/-രൂപാ നിരക്കിൽ 12 മാസം അനുവദിച്ചു വരുന്നു. നിലവിൽ സ്വകാര്യ മേഖലയിലെ ആശുപത്രികൾ മുഖേനയാണ് സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയകൾ നടന്നു വരുന്നത്. ഇതിൽ ചികിത്സാ രീതികൾ, ചികിത്സ ചെലവ്, തുടർ ചികിത്സ, ഗുണ നിലവാരം എന്നിവ സംബന്ധിച്ച് ഒരു ഏകീകൃത മാനദണ്ഡം നിലവില്ല. ഈ സാഹചര്യത്തിൽ സർക്കാർ മേഖലയിൽ ഇത്തരം ശസ്ത്രക്രിയകളിൽ പ്രാവീണ്യമുള്ള ഡോക്ടർമാർക്ക് വിദഗ്ധ പരിശീലനം നല്കി ശസ്ത്രക്രിയകൾ നടത്തുന്നതിന്റെ സാധ്യതകൾ ഒരു വിദഗ്ധ സമിതി രൂപീകരിച്ച് പരിശോധിക്കുന്നതിനായി 23.07.2021 ൽ ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ട്രാൻസ്ജെൻഡറായ വിദ്യാർത്ഥികൾക്ക് പ്രത്യേക ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് സാമൂഹ്യനീതി വകുപ്പിന് നിലവിൽ പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | (സി) നിലവിൽ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം / താമസ സൗകര്യം കണ്ടെത്തുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി തുടർന്ന് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സർക്കാർ/ എയ്ഡഡ്/ അൺഎയ്ഡഡ്/ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ടി പദ്ധതിയിലൂടെ ധനസഹായം അനുവദിച്ചു നല്കുന്നത്. അർഹരായ വിദ്യാർത്ഥികൾക്ക് വർഷത്തിൽ 40,000/-രൂപ വീതം നല്കുന്നു. നാളിതു വരെ 52 വിദ്യാർത്ഥികൾക്കാണ് ഹോസ്റ്റൽ ഫീസ് അനുവദിച്ചു നല്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ